(സി, ഡി) കയ്യോറക്കാർക്ക് നിലവിലുള്ള നിയമപ്രകാരം ഭൂമിക്ക് അർഹതയുള്ളപക്ഷം കൈവശഭൂമി പതിച്ചുകൊടുക്കേണ്ടതാണെങ്കിൽ അവർക്കത് പതിച്ചുകൊടുക്കും. ഷൺമുഖംകനാൽ തീരത്തുള്ള കുടികിടപ്പുകാർക്ക് ഈയിടെ ഭൂമിപതിച്ചുകൊടുക്കുകയുണ്ടായി. എന്നാൽ ഭൂമിപതിച്ചുകൊടുക്കേണ്ടതല്ലെങ്കിൽ ഒഴിപ്പിക്കൽ നടപടിവേണ്ടിവരും. അർഹതയുള്ളവർക്ക് പകരംഭൂമി കൊടുക്കുകയും ചെയ്യാം.

## പായിപ്ര–മാരാറി ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ

54. (655) ശ്രീ. പി. വി. ഏബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ ഇലക്ട്രിക് സബ് ഡിവിഷനിലുൾപ്പെടുന്ന പായിപ്ര–മാരാറി ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ റൂറൽ ഇലക്ട്രിഫിക്കേഷൻ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതു വർഷമാണ് ഉൾപ്പെടുത്തിയത്;

(സി) ഈ ജോലി പൂർത്തിയാക്കുന്നതിന് ഇത്രയധികം കാലതാമസം വരുന്നതിനു കാരണമെന്താണ്;

(ഡി) 1970 മാർച്ച് 15–ാം തീയതിക്കകമായി ഈ ലൈൻ വലിച്ച് കണക്ഷൻ നൽകാത്തപക്ഷം മൂവാറ്റുപുഴ ഇലക്ട്രിക്സബ്ഡിവിഷനാഫീസിന്റെ മുമ്പിൽ പായിപ്ര പഞ്ചായത്തിലെ പ്രസ്തുത ലൈനിനു ഗാരൻറി നൽകിയിട്ടുള്ളവർ സത്യാഗ്രഹസമരം ആരംഭിക്കുമെന്നു കാണിച്ച് ഗവൺമെൻറിനു നോട്ടീസു നൽകിയിട്ടുണ്ടോ;

(ഈ) ഇക്കാര്യത്തിൽ ഗവൺമെൻറ് എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) 1968–69–ൽ

(സി) 1968 ഡിസംബറിലാണ് മിനിമംഗാരൻറി എഗ്രിമെൻറു വച്ചത്. ജോലി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. സാധനസാമഗ്രികളുടെ ലഭ്യതയനുസരിച്ച് മുൻഗണനാക്രമപ്രകാരം ഇതു പൂർത്തിയാക്കുന്നതാണ്.

(ഡി) ഉണ്ട്.

(ഈ) എത്രയുംവേഗം ജോലി പൂർത്തിയാക്കുന്നതിനുവേണ്ട നടപടികളും ഇലക്ട്രിസിറ്റിബോർഡ് സ്വീകരിച്ചു വരുന്നു.

## വിദ്യാർത്ഥി യുവജന വാളൻറിയർമാരുടെപേരിലെടുത്ത കേസുകൾ

55. (656) ശ്രീ. പി. വി. ഏബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1969 ആഗസ്റ്റ് 15–ാം തീയതി വിദ്യാർത്ഥി യുവജന പ്രസ്ഥാനത്തെ പ്രതിനിധീകരിക്കുന്ന പ്രവർത്തകർ രണ്ടാംകപ്പൽ നിർമ്മാണ

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്രത്തിന്റെ പണി ഉടൻ ആരംഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കൊച്ചിയിൽ തീവണ്ടികടം പിക്കറ്റുചെയ്യുകയുണ്ടായിട്ടുണ്ടോ;

(ബി) ഈ പിക്കറ്റിംഗിൽ പങ്കെടുക്കുന്നതിന് എത്ര വാളന്റിയർമാരുടെ പേരിൽ കേസ് എടുത്തിട്ടുണ്ട്;

(സി) ഈ കേസ്സുകടം പിൻവലിക്കണമെന്നു കാണിച്ച് ഗവൺമെന്റിനു നൽകിയ നിവേദനങ്ങടം പരിഗണിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം.

(എ) 15–8–1969. രാവിലെ 11.15 ന് എറണാകുളം സൌത്ത് റെയിൽവേ സ്റ്റേഷനിൽവച്ച് ഐലൻറ് എക്സ്പ്രസ്സു ട്രെയിൻ പിക്കറ്റുചെയ്യുകയുണ്ടായി.

(ബി) ഇരുപത്തിയഞ്ച് (25) വോളൻറിയർമാരുടെ പേരിൽ.

(സി) പൊതുജനങ്ങടംക്ക് വളരെ അസൌകര്യം നേരിട്ടതുകൊണ്ടും വീണ്ടും കുറ്റംചെയ്യാൻ പ്രേരണ നൽകുന്ന സ്വഭാവമുള്ള കേസുകളായതുകൊണ്ടും പിൻവലിച്ചില്ല.

വിദേശ രാഷ്ട്ര പ്രതിനിധികളുമായുള്ള ബന്ധം

56. (662) ശ്രീ. സി. കണ്ണൻ: താഴെ കാണുന്ന ചോദ്യങ്ങടംക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ മന്ത്രിസഭയിലെ ഒരംഗം ഇന്ത്യയിലുള്ള വിദേശ രാഷ്ട്ര തന്ത്രപ്രതിനിധികളുമായി ബന്ധം പുലർത്തിയതു സംബന്ധിച്ചു ഇന്ത്യാ ഗവൺമെൻറിൽനിന്നും വല്ല പരാതിയും ലഭിക്കുകയുണ്ടായിട്ടുണ്ടോ;

(ബി) അന്യരാഷ്ട്രങ്ങളുടെ തന്ത്രപ്രതിനിധികളുമായി സംസ്ഥാന മന്ത്രിമാർ സമ്പർക്കം പുലർത്തുന്നതിനെ വിലക്കിക്കൊണ്ട് ഇന്ത്യാഗവൺമെൻറിൽനിന്നും വല്ല നിർദ്ദേശവും ഈ ഗവൺമെൻറിനു ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എപ്പോഴാണെന്നും അതിലെ ഉള്ളടക്കം എന്താണെന്നും പറയാമോ?

ഉത്തരം

(എ) ഇല്ല.

(ബി) മറ്റു സംസ്ഥാന ഗവൺമെൻറുകളോടൊപ്പം ഈ ഗവൺമെൻറിനും ചില പൊതു നിർദ്ദേശങ്ങടം ലഭിച്ചിട്ടുണ്ട്.

(സി) 1969 സെപ്റ്റംബറിൽ ലഭിച്ച ഒരു കത്തിൽ, വിദേശകാര്യ മന്ത്രി 1969 ഏപ്രിൽ 30–ാം തീയതി ലോകസഭയിൽ ചെയ്ത ഒരു പ്രസ്താവനയുടെ പ്രസക്ത ഭാഗങ്ങടം ഉദ്ധരിച്ചിരുന്നു. അതിൻപ്രകാരം വിദേശ രാഷ്ട്രനയതന്ത്രപ്രതിനിധികടംക്ക് സംസ്ഥാനഗവൺമെൻറുകളുമായി നേരിട്ടു യാതൊരു വിഷയത്തെപ്പറ്റിയും സംഭാഷണങ്ങടം നടത്തുവാൻ പാടില്ല. സംഭാഷണങ്ങടം കേന്ദ്ര ഗവൺമെൻറിനുടെ മാത്രമായിരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly